

സമരം/കാമ്പയിൻ

**കൃഷി ചെയ്യാനായി കർഷകർ നടത്തുന്ന സമരം നമ്മുടെയെല്ലാം പിന്തുണയും സഹകരണവും കിട്ടേണ്ട ഉശിരൻ സമരം. 1183 ചിങ്ങം ഒന്ന് (2007 ജൂലായ് 17) ഈ കർഷകദിനത്തിൽ മുരിയാട് കായൽ കർഷകരുടെ പട്ടിണിസമരം. തൃശൂർ ജില്ലയിലെ മുരിയാട് കായൽ മേഖലയിലെ കർഷകരും കൃഷി തൊഴിലാളികളും പ്രകൃതി സ്നേഹികളും മുരിയാട് കർഷകസമരത്തെ പിന്തുണയ്ക്കുന്ന നന്മയുള്ള മറ്റെല്ലാവരും അന്തിമ പോരാട്ടം തുടങ്ങി. (തൃശൂർ രാമനിലയത്തിനുമുന്നിൽ) തുടർന്ന് മുരിയാട് ഗ്രാമപഞ്ചായത്ത് ഓഫീസിനു മുന്നിൽ ഓരോ കർഷകർ വീതം മാറി മാറി റിലേ നിരാഹാര സത്യാഗ്രഹം-കർഷക തപസ്സ് തുടരും. എന്നിട്ടും ഭരണവർഗ്ഗം കാർഷിക പ്രതിസന്ധി പരിഹരിക്കാൻ തയ്യാറാകുന്നില്ലെങ്കിൽ കർഷകമുന്നേറ്റം പ്രവർത്തകർ സ്വന്തം കൃഷിയിടങ്ങളെ രക്ഷിക്കുവാൻ വീരമൃത്യുവിന് തയ്യാറായി അനിശ്ചിതകാല നിരാഹാരം ആരംഭിക്കും.**

## മുരിയാട് കായൽ കർഷകരുടെ കർഷക മുന്നേറ്റം

# എന്തിനുവേണ്ടി?

വർഗ്ഗീസ് തൊടുപറമ്പിൽ

നല്ലരി വേണം ഞങ്ങൾക്ക്. രാസപദാർത്ഥങ്ങൾ ചേരാത്ത, ഈ മണ്ണിന്റെ സ്നേഹവും രുചിയുമില്ലാത്ത, രോഗവാഹിയായ, ഇറക്കുമതി അരി ഞങ്ങൾക്കുവേണ്ട. സാഹസികരായ ഞങ്ങളുടെ പിതാമഹന്മാർ, പ്രകൃതിയോട് സന്ധി ചെയ്ത് ഒരുക്കിയെടുത്ത, കൃഷിയിടങ്ങളിൽ വിളയുന്ന നെൽമണികളിൽ, ജീവിതം ക്രമപ്പെടുത്തിയവരാണ് ഞങ്ങൾ. ആ കൃഷിയിടങ്ങളിൽ വിയർപ്പൊഴുക്കി ഞങ്ങൾ നേടുന്ന നല്ലരിയാണ് ഞങ്ങളുടെ മുഖ്യ ആഹാരം. നിത്യജീവിതത്തിന്റെ തിരക്കുകളിൽ മുഴുകുന്ന ഞങ്ങളുടെ സഹജീവികൾക്കും ആ നല്ലരി പങ്കുവെക്കലാണ് ഞങ്ങളുടെ സാമൂഹ്യ സേവനം.

കഴിഞ്ഞ കുറച്ച് വർഷമായി ഞങ്ങളുടെ കൃഷി മുടങ്ങി. അധികാരികൾ അശാസ്ത്രീയമായി ബണ്ടുകളും റോഡുകളും നിർമ്മിച്ച് കൃഷി ദുഷ്കരമാക്കി. പിന്നീട് മണ്ണെടുത്തും മണലൂറ്റിയും കൃഷി അസാദ്ധ്യമാക്കി. എന്നിട്ടും പതിനോരായിരം ഏക്കർ മുരിയാട് കായലിൽ 7000 ഏക്കറോളം കൃഷി ഭൂമി ബാക്കിയുണ്ട്. പ്രധാന ജല നിർഗമന മാർഗ്ഗമായ കെ.എൽ.ഡി.സി. ബണ്ട് കനാലിൽ തടസ്സങ്ങൾ സൃഷ്ടിച്ച് അതും നശിപ്പിക്കാനാണ് സാമ്പത്തിക താൽപര്യശക്തികളുടെ ശ്രമം. മുരിയാട് കായൽമേഖലയിൽ കുഴിച്ചെടുക്കാൻ കോടാനുകോടികളുടെ കളിമണ്ണും മണലുമുണ്ട്. കൃഷിയിടങ്ങളിൽനിന്ന് കർഷകരെയും കൃഷിതൊഴിലാളികളെയും ആട്ടിയോടിച്ചാൽ പിന്നെ എല്ലാം മാഫിയകളുടെ നിയന്ത്രണത്തിലാക്കാം. അവരുടെ പാരിതോഷികങ്ങൾ കൈപ്പറ്റി, തലമുറകൾക്ക് സമ്പാദ്യവും സുഖവും സ്വപ്നംകണ്ട്, ഉദ്യോഗസ്ഥർ, നേതാക്കൾ, ജനപ്രതിനിധികൾ തുടങ്ങി പലരും ഞങ്ങളെ ചതിച്ചുകൊണ്ടിരിക്കുന്നു. ശത്രു ഒന്നല്ല, ഒരുപാടാണ്.

കൃഷിയിടങ്ങളെ സംരക്ഷിക്കാനുള്ള ഈ പോരാട്ടം ആഹാരത്തിനുവേണ്ടി മാത്രമുള്ളതല്ല. മുരിയാട്, പറപ്പൂക്കര, നെന്മണിക്കര, വല്ലച്ചിറ, പൊറിത്തിശ്ശേരി, കാറളം, വേളൂക്കര, ആളൂർ എന്നീ ഗ്രാമപഞ്ചായത്തുകളിലെയും ഇരിങ്ങാലക്കുടയിലെയും ജനങ്ങളുടെ ആവാസവ്യവസ്ഥയുടെ നിലനിൽപ്പിനുവേണ്ടിയുള്ള അതിജീവനത്തിന്റെ പോരാട്ടം കൂടിയാണ് ഈ സമരം.

ഭൂപ്രകൃതിയനുസരിച്ച് സമുദ്രനിരപ്പിനേക്കാൾ താഴ്ന്ന മുരിയാട് കായൽമേഖല വീണ്ടും കുഴിക്കപ്പെട്ടാൽ ഉപ്പുവെള്ളം കയറി ഈ മേഖലയിലെ കുടിവെള്ളം മലിനമാകും. വെള്ളക്കെട്ട് മൂലം മാറാരോഗങ്ങൾ പടരും. നെൽകൃഷി മാത്രമല്ല കരവിളകളായ വാഴ, മരച്ചീനി, ചേമ്പ്, ചേന, കൂർക്ക, മറ്റ് പച്ചക്കറികൾ, തെങ്ങ്, കവുങ്ങ് എല്ലാം ഈ കാലവർഷത്തിലെ വെള്ളക്കെട്ടിൽ നശിച്ചു. വീടുകൾ തകർന്നു. കുടുംബങ്ങൾ അഭയാർത്ഥി ക്യാമ്പുകളിൽ അന്തിയുറങ്ങി, വൻമരങ്ങൾ കടപുഴകി വീണു, പുഴകൾ പോലും ഗതി മാറിയൊഴുകി. കാലവർഷത്തിലുണ്ടായ ഈ ദുരിതങ്ങളുടെ കാരണം ഇവിടത്തെ അമിതമായ വെള്ളക്കെട്ടുമാത്രമാണ്. വെള്ളക്കെട്ടിന്റെ കാരണം നീരൊഴുക്ക് തടസ്സപ്പെട്ടതാണ്. ഇത് അനുഭവസാക്ഷ്യമാണ്. ഭാവനയല്ല.

പൂർവ്വികർ നിർമ്മിച്ച നെടുന്തോടിലൂടെ മഴ നിന്നാൽ ഉടനെ വെള്ളം ഒഴുകി പോയിരുന്നു. അപ്പോൾ ഒരു പൂവ്വും രണ്ടു പൂവ്വും കൃഷി സാധിച്ചിരുന്നു. കാർഷിക വിപ്ലവത്തിന്റെ പേരിൽ രണ്ടു പൂവ്വും മൂന്നു പൂവ്വും കൃഷിക്കുവേണ്ടി കോടികൾ ചെലവഴിച്ച് കെ.എൽ.ഡി.സി. ബണ്ടു നിർമ്മാണം തുടങ്ങി. ദശകങ്ങൾ കഴിഞ്ഞിട്ടും ബണ്ട് നിർമ്മാണം പൂർത്തിയായില്ല. കോടികളുടെ അഴിമതി മാത്രം നടന്നു. ഫലത്തിൽ നെടുന്തോട് ഇല്ലാതായി. ബണ്ട് കനാൽ പൂർത്തീകരിച്ചിട്ടില്ല. പൂർത്തിയായ ഭാഗങ്ങളിൽ ഇടബണ്ടുകളും

താൽക്കാലിക റോഡുകളും തടസ്സങ്ങളായി. വെള്ളക്കെട്ട് ഒഴിയാതായി. കൃഷി മുടങ്ങി.

2006 ഡിസംബർ 10-ാം തിയ്യതി മനുഷ്യാവകാശദിനത്തിൽ മുരിയാട് കായൽ സംരക്ഷണ സമിതി രൂപം കൊണ്ടു. നിവേദനങ്ങളും ധർണ്ണകളും മറ്റ് സമരമുറകൾക്കുംശേഷം 2007 മാർച്ച് 7ന് അനിശ്ചിതകാല സത്യാഗ്രഹസമരം - കർഷകമുന്നേറ്റം തുടങ്ങി. മാർച്ച് 14ന് സംസ്ഥാന സർക്കാരിന്റെ പ്രതിനിധിയായി പൊതുമരാമത്ത് മന്ത്രി ടി.യു. കുരുവിള സമര മണ്ഡപം സന്ദർശിച്ച് സർവ്വ പിന്തുണയും വാഗ്ദാനം ചെയ്തു. മാർച്ച് 18ന് റവന്യൂമന്ത്രി കെ.പി. രാജേന്ദ്രന്റെ സാന്നിദ്ധ്യത്തിൽ തൃശൂർ രാമനിലയത്തിൽ അനുരഞ്ജന ചർച്ച നടന്നു. മാർച്ച് 25ന് റവന്യൂമന്ത്രി സമരമണ്ഡപത്തിലെത്തി ബാധിത പ്രദേശം സന്ദർശിച്ച് ചർച്ച നടത്തി. സമരം താൽക്കാലികമായി നിർത്തി വെച്ചു. രണ്ടു മാസമായിട്ടും വാഗ്ദാനങ്ങൾ പാലിക്കാത്തതിനാൽ മുഖ്യമന്ത്രിയുടെ ഇടപെടൽ ആവശ്യപ്പെട്ട് മെയ് 25ന് സമരം പുനരാരംഭിച്ചു. ജൂൺ 4ന് മുഖ്യമന്ത്രി സമരമണ്ഡപവും ബാധിത പ്രദേശങ്ങളും സന്ദർശിച്ചു. അന്നു രാവിലെ തൃശൂർ രാമനിലയത്തിൽ അദ്ദേഹം കർഷകരുമായി ചർച്ച നടത്തിയിരുന്നു. സമരമണ്ഡപത്തിലെത്തിയ മുഖ്യമന്ത്രി പ്രശ്നപരിഹാരത്തിന് കൃഷിമന്ത്രിയെ വഴിതെറ്റാതെ അയയ്ക്കാമെന്ന് വാഗ്ദാനം നൽകി. ജൂൺ 15ന് വഴിതെറ്റാതെ കൃഷിമന്ത്രി തൃശൂർ രാമനിലയത്തിലെത്തി. മുരിയാട് കായൽമേഖലയിലേക്കുള്ള അദ്ദേഹത്തിന്റെ വഴി മറ്റാരോ തടഞ്ഞു. എന്നാലും കർഷകർ അനുരഞ്ജനത്തിന്റെ മാർഗ്ഗം സ്വീകരിച്ചു. രാമനിലയത്തിൽവെച്ച് കൃഷിമന്ത്രി കർഷകരുമായി 3 മണിക്കൂർ ചർച്ച നടത്തി. എല്ലാ ആവശ്യങ്ങളും അംഗീകരിച്ചു. വാഗ്ദാനലംഘനം ഉണ്ടായാൽ രണ്ടുമാസത്തിനുശേഷം കർഷകദിനത്തിൽ സമരം പുനരാരംഭിക്കുമെന്ന് കർഷകർ അന്ന് മുന്നറിയിപ്പ് നൽകിയിരുന്നു. വാക്കുമാറാനറിയാത്ത ഞങ്ങൾ അന്തിമപോരാട്ടം തുടങ്ങുകയാണ്.

ഡിസംബർ 24-ാം തിയ്യതി തൃശൂർ കളക്ടറേറ്റിൽ ആദ്യത്തെ ഉന്നതതല ചർച്ച നടന്നു. പിന്നീട് മന്ത്രിമാരും ഉന്നത ഉദ്യോഗസ്ഥരും പങ്കെടുത്ത 11 ചർച്ചകൾ നടന്നു. എല്ലാറ്റിലും കർഷകരുടെ ആവശ്യങ്ങൾ ന്യായമാണെന്നും മുരിയാട് കർഷകസമരം നെൽകർഷകരിലും പൊതുസമൂഹത്തിലും പുതിയ ഉണർവ്വും അവബോധവും സൃഷ്ടിച്ചു എന്നുമൊക്കെ ധാരാളം പുകഴ്ത്തുപാട്ടുകൾ കേട്ടു. പക്ഷെ കാര്യങ്ങൾ ഇതുവരെ ഒന്നും നടന്നില്ല.

**അധികാരികൾ ലംഘിച്ച വാഗ്ദാനങ്ങൾ!**

സമഗ്ര നെൽവയൽ സംരക്ഷണനിയമം നടപ്പു നിയമസഭാ സമ്മേളനത്തിനുശേഷം ഓർഡിനൻസ് പുറപ്പെടുവിക്കുമെന്ന് കൃഷിമന്ത്രിയുടെ ആദ്യ വാഗ്ദാനം - ഇക്കാര്യം ആദ്യഘട്ട സമരത്തിന്റെ ഒത്തുതീർപ്പിൽ നിയമസഭയിൽ ബിൽ അവതരിപ്പിക്കുമെന്നായിരുന്നു റവന്യൂമന്ത്രിയുടെ വാഗ്ദാനം.

മുരിയാട് കായൽ മേഖലയിലെ കാർഷിക വികസനത്തിന് പ്രത്യേകനെൽകൃഷി വികസന ഏജൻസി രൂപീകരിക്കുന്നതിനെക്കുറിച്ച് പഠിക്കുവാൻ വിദഗ്ദസമിതിയെ നിയോഗിക്കും. വികസന ഏജൻസി രൂപീകരിക്കുമെന്ന് നിയമസഭയിൽ മന്ത്രി ഉറപ്പു നൽകിയെന്ന് ആദ്യഘട്ടത്തിൽ ഇരിങ്ങാലക്കുട എം.എൽ.എ. പത്രക്കുറിപ്പ് ഇറക്കിയിരുന്നു.

പ്രത്യേക ഏജൻസി രൂപീകരിക്കുന്നതവുരെ കാർഷിക വികസനപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ജില്ലാകളക്ടറുടെ നേതൃത്വത്തിൽ മോണിറ്ററിംഗ് കമ്മിറ്റി ഉടനെ രൂപീകരിക്കും.

കെ.എൽ.ഡി.സി. ബണ്ട് കനാലിന്റെ നിർമ്മാണം യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കാൻ നടപടികളെടുക്കും. ആദ്യഘട്ടത്തിൽ റവന്യൂ സെക്രട്ടറിയുടെ നേതൃത്വത്തിൽ നിയോഗിക്കപ്പെട്ട വിദഗ്ദസമിതി സർക്കാരിന് നൽകിയ ഇടക്കാല റിപ്പോർട്ടിൽ കെ.എൽ.ഡി.സി. ബണ്ടു കനാലിലെ എല്ലാ തടസ്സങ്ങളും (ഇട ബണ്ടുകൾ ഉൾപ്പെടെ) ഉടനെ ഒഴിവാക്കി വെള്ളക്കെട്ട് ഇല്ലാതാക്കണം എന്ന് നിർദ്ദേശിച്ചിരുന്നു. വിദഗ്ദസമിതിയുടെ റിപ്പോർട്ടുകൾ ഒന്നും നടപ്പിലായില്ല. അന്തിമ റിപ്പോർട്ട് സർക്കാരിന് നൽകിയോ എന്ന് അറിവുമില്ല. ഇതാണ് വിദഗ്ദസമിതികളുടെ ഗതി.

ബണ്ടുനിർമ്മാണത്തിലെ അഴിമതികൾ പുറത്തു കൊണ്ടുവരും. അടുത്ത വിള കൃഷിയിറക്കാൻ എല്ലാ അടിയന്തിര നടപടികളും സ്വീകരിക്കും.

കർഷകർക്കും കൃഷിതൊഴിലാളികൾക്കും എതിരെ മാഫിയയും പോലീസും ചേർന്നെടുത്ത കേസുകൾ പിൻവലിക്കാൻ ആഭ്യന്തരവകുപ്പുമായി ചർച്ച നടത്തും.

പി.കെ. ചാത്തൻമാസ്റ്റർ സ്മാരകമണ്ഡപം കത്തിച്ചവരെ ഉടനെ പിടികൂടും.

ഇങ്ങനെ കർഷകർ ഉന്നയിച്ച എല്ലാ ആവശ്യങ്ങളും (പതിനഞ്ച്) അംഗീകരിച്ച് നടപ്പിലാക്കാമെന്ന് വാഗ്ദാനം ചെയ്തു. ഒന്നും നടപ്പിലായില്ല.

സംസ്ഥാനത്തിന് പുറത്തേക്ക് അരിതെണ്ടി പോകുന്നവർ ഓർക്കണം. മുരിയാട് കായൽ മേഖലയിൽ ഇപ്പോൾ കൃഷിയോഗ്യമായ ഏഴായിരം ഏക്കറിലെ ഒരു വർഷത്തെ വിളനഷ്ടം 25 കോടി രൂപയുടേതാണ്. ഇത് വെറും മനക്കണക്കല്ല. ഇവിടെ ഒരേക്കറിന് കുറഞ്ഞത് 300 പറ വിളവ് ലഭിക്കും. അപ്പോൾ ഒരു പൂവിൽ ഏഴായിരം ഏക്കറിൽനിന്നും 21 ലക്ഷം പറ നെല്ല് വിളവ് ലഭിക്കും. രണ്ട് പൂവ്വിൽനിന്ന് 42 ലക്ഷം പറ വിളവ് ലഭിക്കും. ഇതിന്റെ ഇപ്പോഴത്തെ വിപണി മൂല്യം 25 കോടി രൂപയാണ്. വെള്ളക്കെട്ട് മൂലം കരവിളകളുടെ നാശം വരുത്തുന്ന നഷ്ടം വേറെയും ലക്ഷങ്ങൾ. മഹാഭൂരിപക്ഷം വരുന്ന സാധാരണ കർഷകരുടേതാണ് ഈ നഷ്ടം.

വാഗ്ദാനങ്ങൾ നൽകിയവർ വാക്കുമാറിയാൽ പോരാട്ടമല്ലാതെ മറ്റെന്താണ് മാർഗ്ഗം. സർവ്വപിന്തുണയും നൽകി പോരാട്ടത്തോട് നന്മയുള്ളവരെല്ലാം ഐക്യപ്പെടണം.

*കർഷകമുന്നേറ്റം, മുരിയാട് പി.ഒ., തൃശൂർ. ഫോൺ : 9495169930*